കേരള സർക്കാർ

# മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(ബി.പി) 2193 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി :5.12.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി) 2193 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി :5.12.2017

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 13.02.17 മുതൽ 31.10.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20/11/2017 മുതൽ 24/11/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി റസിയാബീവി ജെ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജലജ എം കെ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ അനീഷ് ആർ<br>ഓഡിറ്റർ |

## (എ) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി<br>മേരി ബേബി | 01/04/16മുതൽ<br>31/03/17 വരെ |

| | | |
|---|---|---|
| വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിചെയർപേഴ്സൺ | അഡ്വ. ചിന്നമ്മ ഷൈൻ | 01/04/16മുതൽ 31/03/17 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ ഒ പി ബേബി | 01/04/16മുതൽ 31/03/17 വരെ |
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി ജാൻസി ജോർജ് | 01/04/16മുതൽ 31/03/17 വരെ |
| ആരോഗ്യം, വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ ജോസി ജോളി വട്ടക്കുഴി | 01/04/16മുതൽ 31/03/17 വരെ |

(ബി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി നൈസി റഹ്മാൻ | 01/04/16 | 16/06/16 |
| | ശ്രീമതി കെ ജി ശ്രീദേവി | 17/06/16 | 28/07/16 |
| | ശ്രീ എം.വി. വിഷ്ണുനമ്പൂരി | 29/07/16 | 31/03/17 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ എ ആർ സുന്ദർലാൽ | 01/04/16 | 23/09/16 |
| | ശ്രീമതി അമ്പിളി ടി എ | 24/09/16 | 07/11/16 |
| | ശ്രീമതി ടി എൻ മിനി | 08/11/16 | 31/03/17 |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | ശ്രീമതി ഷീല പ്രകാശ് | 01/04/16 | 25/08/16 |
| | ശ്രീ മോഹനൻ കെ | 26/08/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ സിഎച്ച്സി പണ്ടപ്പിള്ളി | ഡോ. റ്റി കെ മോഹൻദാസ് | 01/04/16 | 31/03/17 |
| മെഡിക്കൽ ഓഫീസർ സിഎച്ച്സി കല്ലൂർക്കാട് | ഡോ. അമർലാൽ കെ | 01/04/16 | 31/03/17 |
| ശിശുവികസന ഓഫീസർ മൂവാറ്റുപുഴ | ശ്രീമതി പി എ ശാന്തകുമാരി | 01/04/16 | 30/01/17 |
| | ശ്രീമതി ജിഷ ജോസഫ് | 31/01/17 | 31/03/17 |
| ശിശുവികസന ഓഫീസർ (അഡീഷണൽ) മൂവാറ്റുപുഴ | ശ്രീമതി ഷക്കീല കെ | 01/04/16 | 31/03/17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ കെ പൗലോസ് | 01/04/16 | 31/03/17 |

| | | | |
|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീ അൻവർ എൻ എച്ച് | 01/04/16 | 04/08/16 |
| | ശ്രീ ജോൺ മാത്യു | 05/08/16 | 31/03/17 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി പ്രിയ പോൾ | 01/04/16 | 31/03/17 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | ഇ - ടെണ്ടർ ഫീ ലഭിക്കുന്നില്ല | 2-1 |
| | ഭാഗം – 3 | |
| 12 | സെന്റേജ് ചാർജ് അധികം നല്കി.- 47,291/- രൂപ നഷ്ടം. | 3-1 |
| 13 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-2 |
| 14 | കൈപ്പറ്റുരശീത് ഹാജരാക്കിയില്ല | 3-3 |
| 15 | സി എച്ച് സിക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 3-4 |
| 16 | തുക മുഴുവൻ ചെലവഴിച്ചില്ല. | 3-5 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 |
| | ഭാഗം - 4 | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 28 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2016-17 | അനുബന്ധം.2 |
| 29 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 30 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് /പുതുക്കിയ ബജറ്റ് 29/02/2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| പ്രാരംഭ ബാക്കി | | 2,54,97,850 | 2,54,97,850 | |
| വരവ് | 27,98,45,000 | 6,51,93,070 | 21,46,51,930 | (+)76 |
| ആകെ | 27,98,45,000 | 9,06,90,920 | 18,91,54,080 | (+)68 |
| ചെലവ് | 27,96,98,000 | 6,42,02,555 | 21,54,95,445 | (+)77 |
| നീക്കിയിരിപ്പ് | 1,47,000 | 2,64,88,365 | (-)2,63,41,365 | |

യാഥാർത്ഥ്യ ബോധമില്ലാതെ ബജറ്റ് തയ്യാറാക്കുന്നത് മൂലമാണ് ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഇത്തരത്തിൽ വലിയ അന്തരം ഉണ്ടാകാൻ കാരണം. ഭാവിയിൽ ഇത്തരം അപാകത നിർബന്ധമായും പരിഹരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31/07/17 | 01/08/17 |

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ, 9(1) വകുപ്പ് പ്രകാരം വാർഷിക ധനകാര്യ പത്രിക യഥാസമയം ഓഡിറ്റിന് തയ്യാറാക്കി നൽകേണ്ടതാണ്. കാലതാമസം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷീക ധനകാര്യ പത്രിക പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,54,97,850 |
| വരവ് | 6,51,93,070 |
| ആകെ | 9,06,90,920 |
| ചെലവ് | 6,42,02,555 |
| നീക്കിയിരിപ്പ് | 2,64,88,365 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 2,50,29,453 | 2,09,50,355 | 83.70 |
| വികസന ഫണ്ട് (എസ്. സി പി) | 59,53,953 | 43,87,635 | 73.69 |
| വികസന ഫണ്ട് (റ്റി എസ് പി) | 3,05,913 | 3,05,913 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 39,05,910 | 30,85,793 | 79 |
| ഐ എ വൈ | 1,10,45,289 (മുന്നിരിപ്പ് ഉൾപ്പെടെ) | 17,47,694 | 15.82 |
| റ്റി എസ് സി | 3,39,061 (മുന്നിരിപ്പ് ഉൾപ്പെടെ) | 11,612 | 3.42 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടു |
|---|---|---|---|---|---|---|

| (എണ്ണം) | | ക്കിയത് (എണ്ണം) | | ക്കിയത് (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 79 | 3,46,19,229 | 70 | 2,81,53,696 | 1 | 8 | 88.60 |

# 1-7 തനത് വരുമാനം

2016-17 സാമ്പത്തിക വർഷത്തെ തനത് വരുമാനം താഴെ പറയും പ്രകാരം ചേർക്കുന്നു

| | |
|---|---|
| വരവുകൾ | --- |
| നികുതിയേതര വരവുകൾ | 1,45,382 |
| മറ്റുവരവുകൾ | 3,484 |
| ആകെ | 1,48,866 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/11/2017-ാം തീയതിയിൽ സെക്രട്ടറിയുടെ സാനിധ്യത്തിൽ നടത്തി. പരിശോധനയിൽ, 19,010/- രൂപ നീക്കിയിരിപ്പ് ഉണ്ട്.

# 1-9 ആഭ്യന്തര നിയന്ത്രണം

1. മൂൻകൂർ രജിസ്റ്റർ – മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2. വാടക രജിസ്റ്റർ – വാടക രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 13/09/17 മുതൽ 22/09/17 വരെ | 2016-17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/12/14 മുതൽ 20/12/14 വരെ | 2009-10 മുതൽ 2013-14 വരെ | 18/04/15 (നം. എൽ ബി എ എച്ച് ക്യൂIII/8A-2254/15-16/11 തീ. 16/04/15) |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ - ടെണ്ടർ ഫീ ലഭിക്കുന്നില്ല

2016-17 വർഷത്തിൽ 24 പ്രോജക്ടുകൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ടി ഇനത്തിൽ 111275/-രൂപ ടെണ്ടർ ഫീ യായി സ്ഥാപനത്തിന് ലഭിക്കാനുണ്ട്. ടി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ് അധികം നല്കി.- 47,291/- രൂപ നഷ്ടം.

2016-17 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പ്രോജക്ടുകൾ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് അതോറിറ്റിയ്ക്ക് തുക നല്കിയിട്ടുണ്ട്. പി .ഡബ്ള്യ.ഡി മാന്വൽ കെ.ഡബ്ള്യ.എയ്ക്ക് ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% പ്ളാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ് ഈടാക്കാമെങ്കിലും പി .ഡബ്ള്യ.ഡി. മാന്വൽ 1601.4 Deposit work പ്രകാരം പ്ളാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നല്കാവുന്നത്. എന്നാൽ താഴെ പറയുന്ന പ്രോജക്ടുകൾക്ക് 12.5% സെന്റേജ് ചാർജ് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മഞ്ഞള്ളൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ.

പ്രോജക്ട് നം. -SOO 61/17
അടങ്കൽ - 5,00,000/- (ജനറൽ ഫണ്ട് )
ചെലവ് - 5,00,000/-
ബിൽ നം. -14/16-17/23.11. 17
വർക്കിങ്ങ്ചാർജ് - 3,07,899/-
മെറ്റീരിയൽ കോസ്റ്റ് - 1,35,563/-
ആകെ - 4,43,462/-
സെന്റേജ് ചാർജ് 12 .5% നിരക്കിൽ നൽകിയത്- 55,433/-
കരുതൽ തുക - 1,105/-
ആകെ - 5,00,000/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. -44,346/-
സെന്റേജ് ചാർജ്അധികം നല്കിയത്(55,433-44,346) =11,087/-

2,വാളകം പഞ്ചായത്തിലെ 7,9 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ.

പ്രോജക്ട് നം. -SOO 04/17

പ്രോജക്ടിന്റെ പേര്.- വാളകം പഞ്ചായത്തിലെ 7,9 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ.
അടങ്കൽ -4,00,000/- (ജനറൽ ഫണ്ട് )
ചെലവ് - 4,00,000/-
ബിൽ നം. -17/16-17/14.12.2016

എ) വാർഡ് 7
വർക്കിങ്ങ് ചാർജ് - 49,944/-
മെറ്റീരിയൽ കോസ്റ്റ് - 86,932/-
ആകെ - 1,36,876/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 17,110/-
കരുതൽ തുക - 1,014/-
ആകെ -1,55,000/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. -13,688/-
സെന്റേജ് ചാർജ് അധികം നല്കിയത്(17,110-13,688)= 3,422/-

ബി) വാർഡ് 9
വർക്കിങ്ങ് ചാർജ് - 1,10,354/-
മെറ്റീരിയൽ കോസ്റ്റ് - -58,420/-
ആകെ - 1,68,774/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 21,097/-
റോഡ് പുനരുദ്ധാരണ ചാർജ്-10,000/-
കരുതൽ തുക - 129/-
ആകെ -2,00,000/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. -16,877/-
സെന്റേജ് ചാർജ് അധികം നല്കിയത്(21,097-16,877) = 4,220/-

3, ആവോലി, വാളകം പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

പ്രോജക്ട് നം. -SOO 76/17
പ്രോജക്ടിന്റെ പേര്.-ആവോലി, വാളകം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ
അടങ്കൽ -6,00,000/- (ജനറൽ ഫണ്ട് )
ചെലവ് - 6,00,000/-
ബിൽ നം. -16/16-17/11.12.2016

എ) ആവോലി പഞ്ചായത്തിലെ ചെറുപറമ്പിൽ ഏരിയ - ഈസ്റ്റേൺ കമ്പനിയ്ക്ക് സമീപം -പൈപ്പ് ലൈൻ നീട്ടൽ.

വർക്കിങ്ങ് ചാർജ് - 38,496/-
മെറ്റീരിയൽ കോസ്റ്റ് - 12,422/-
ആകെ - 50,918/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 6,365/-
കരുതൽ തുക - 717/-
ആകെ -58,000/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. - 5,092/-
സെന്റേജ് ചാർജ് അധികം നല്കിയത്(6,365-5,092) = 1,273/-

ബി) ആവോലി പഞ്ചായത്തിലെ വാർഡ് 10 ൽ 40mm GI പൈപ്പ് സ്ഥാപിക്കൽ

വർക്കിങ്ങ് ചാർജ് - 15,007/-
മെറ്റീരിയൽ കോസ്റ്റ് - 36,798/-
ആകെ - 51,805/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 6,476/-
കരുതൽ തുക - 1,719/-
ആകെ -60,000/-

സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. - 5,180/-
സെന്റേജ് ചാർജ് അധികം നല്കിയത്(6,476-5,180) =1296/-

സി) പരീക്ക പീടിക ലക്ഷം വീട് കോളനിയിൽ നിലവിലുള്ള 25 mm പഴയ പൈപ്പ് മാറ്റി 65mm GI പൈപ്പ് സ്ഥാപിക്കൽ.

വർക്കിങ്ങ് ചാർജ് - 34,094/-
മെറ്റീരിയൽ കോസ്റ്റ് - 1,26,000/-
ആകെ - 1,60,094/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 20,012/-
കരുതൽ തുക - 1,894/-
ആകെ -1,82,000/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. - 16,009/-
സെന്റേജ് ചാർജ് അധികം നല്കിയത്(20,012-16,009) =4,003/-

ഡി) ആവോലി പഞ്ചായത്തിലെ വാർഡ് 2ൽ 50mm പി.വി.സി പൈപ്പ് ലൈൻ സ്ഥാപിക്കൽ.

വർക്കിങ്ങ് ചാർജ് - 72371/-
മെറ്റീരിയൽ കോസ്റ്റ് - 14870/-
ആകെ - 87241/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 10905/-
കരുതൽ തുക - 1854/-
ആകെ -100000/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. - 8724/-
സെന്റേജ് ചാർജ് അധികം നല്കിയത്(10905-8724) = 2181/-

ഇ) വാളകം പഞ്ചായത്തിലെ വാർഡ് 10 ലെ സ്രാമ്പിൽപ്പടി -കീഴോർക്കടി താഴം & ആവുണ്ട ഷാപ്പുംപടി - ചോളപ്പാടം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

വർക്കിങ്ങ് ചാർജ് - 1,34,264/-
മെറ്റീരിയൽ കോസ്റ്റ് - 57,739/-
ആകെ - 1,92,003/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 24,000/-
റോഡ് പുനരുദ്ധാരണ ചാർജ് - 13,000/-
കരുതൽ തുക - 997/-
ആകെ - 2,30,000/- -
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. - 19,200/-
സെന്റേജ് ചാർജ് അധികം നല്കിയത്(24,000-19,200) =4,800/-

4, കല്ലൂർക്കാട് , ആയവന, വാളകം , ആവോലി പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ.

എ) പ്രോജക്ട് നം. -SOO 90/17
പ്രോജക്ടിന്റെ പേര്.-കല്ലൂർക്കാട് , ആയവന, വാളകം , ആവോലി പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ.

അടങ്കൽ -1,05,137/- (ജനറൽ ഫണ്ട് )
ചെലവ് - 1,05,137
ബിൽ നം. -46/16-17/28.3.2017
വർക്കിങ്ങ് ചാർജ് - 59,269/-
മെറ്റീരിയൽ കോസ്റ്റ് - 32,710/-

ആകെ – 91,979/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത്.- 11,497/-
കരുതൽ തുക - 1,661/-
ആകെ -1,05,137/-
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. -9,198/-
സെന്റേജ് ചാർജ് അധികം നല്കിയത്(11497-9198) = 2,299/-

5. മഞ്ഞളളൂർ പഞ്ചായത്തിലെ 2,3 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ -

അടങ്കൽ - 2,90,000/- (ജനറൽ ഫണ്ട് )
ചെലവ് - 2,90,000/-
ബിൽ നം. – 42/16-17/18.3.2017

എ)വാർഡ് 2
വർക്കിങ്ങ് ചാർജ് -96,696/-
മെറ്റീരിയൽ കോസ്റ്റ് - 62,225/-
ആകെ - 158,921/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 19,865/-
റോഡ് റെസ്റ്റോറേഷൻ ചാർജ് - 24,000/-
കരുതൽ തുക - 214
ആകെ -2,03,000/- -
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. -15,892/-

സെന്റേജ് ചാർജ് അധികം നല്കിയത്(19,865-15,892) =3,973/-

ബി) വാർഡ് 3 -ചീന്താലും പറമ്പ് കോളനി 50 mm പി.വി.സി. പൈപ്പ് സ്ഥാപിക്കൽ.

വർക്കിങ്ങ് ചാർജ് - 64,504/-
മെറ്റീരിയൽ കോസ്റ്റ് - 12,496/-
ആകെ - 77,000/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത്.- 9,625/-
കരുതൽ തുക - 375/-
ആകെ -87,000/- -
സെന്റേജ് ചാർജ് 10% നിരക്കിൽ നല്കാവുന്നത്. - 7,700/-
സെന്റേജ് ചാർജ് അധികം നല്കിയത്(9,625-7,700)=1,925/-

സി) വാളകം പഞ്ചായത്തിലെ വാർഡ് 5 ലെ വടക്കെകാരമലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ

അടങ്കൽ - 3,23,000/- (ജനറൽ ഫണ്ട് )
ചെലവ് -3,23,000/-
ബിൽ നം. - 33/16-17/8.3.17
വർക്കിങ്ങ് ചാർജ് - 81,497/-
മെറ്റീരിയൽ കോസ്റ്റ് - 31,689/-
ആകെ -1,13,186/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ
നൽകിയത്.- 14,148/-
കരുതൽ തുക - 666/-
ആകെ - 1,28,000/- -
സെന്റേജ് ചാർജ് 10% നിരക്കിൽ നല്കാവുന്നത്. -11,319/-
സെന്റേജ് ചാർജ് അധികം നല്കിയത്(14,148-11,319) = 2,829/-

ഡി) വാളകം പഞ്ചായത്തിലെ വാർഡ് 6 ൽ കടാതി പള്ളിത്താഴം ഉമ്പാപാടം റോഡിൽ 400 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

വർക്കിങ്ങ് ചാർജ് -1,08,115/-
മെറ്റീരിയൽ കോസ്റ്റ് - 51,194/-
ആകെ - 1,59,309/-
സെന്റേജ് ചാർജ് 12.5% നിരക്കിൽ നൽകിയത് - 19,914/-
റോഡ് റെസ്റ്റോറേഷൻ ചാർജ് - 15,000/-
കരുതൽ തുക - 777/-
ആകെ - 1,95,000/- -
സെന്റേജ് ചാർജ് 10% നിരക്കിൽ നൽകേണ്ടിയിരുന്നത്. - 15,931/-
സെന്റേജ് ചാർജ് അധികം നല്കിയത് (19,914-15,931) = 3,983/-
ആകെ അധികം നല്കിയ സെന്റേജ് ചാർജ്.

| ക്രമ നം. | | തുക |
|---|---|---|
| 1. | | 11,087/- |
| 2. | എ | 3,422/- |
| | ബി | 4,220/- |
| 3. | എ | 1,273/- |
| | ബി. | 1,296/- |
| | സി. | 4,003/- |
| | ഡി. | 2,181/- |
| | ഇ. | 4,800/- |
| 4. | | 2,299 |
| 5. | എ. | 3,973/- |
| | ബി | 1,925/- |
| | സി | 2,829/- |
| | ഡി | 3,983/- |

ആകെ - 47,291/-

അധിക തുക നൽകിയത് സംബന്ധിച്ച് 24.11.17 ൽ ഓഡിറ്റ് എൻക്വയറി(നം.3) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 47,291/-രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-2 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ ചില സ്ഥാപനങ്ങളിലേക്കായി കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ ,എൽ. സി.ഡി. പ്രൊജക്ടർ മുതലായവ വാങ്ങിയതിന് സ്പിൽ ഓവർ പ്രൊജക്ടിൽ ഉൾപ്പെടുത്തി നബാർഡ് റീ ഇമ്പേഴ്സ്മെന്റ് തുകയും തനതുഫണ്ടും ആയി തുക നൽകിയിട്ടുണ്ട്. എന്നാൽ അവയുടെ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ എൽ. എസ്. ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, പണ്ടപ്പിള്ളി പി. എച്ച്. സി., ബി. ഡി. ഒ. ഓഫീസ് |

| | |
|---|---|
| | എന്നിവയിലേയ്ക്ക് കമ്പ്യൂട്ടർ, എൽ. സി. ഡി. പ്രൊജക്ടർ എന്നിവ വാങ്ങൽ |
| പ്രോജക്ട് നം. | S0005/17(SO) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 5,000/- (തനതുഫണ്ട്),1,26,701/- (നബാർഡ് റീ ഇമ്പേഴ്സ്മെന്റ് വിഹിതം) |
| ചെലവ് | 1,26,701/- (നബാർഡ് റീ ഇമ്പേഴ്സ്മെന്റ്) ചെക്ക് നം. 1755686/19.10.16<br>3,299/- (തനതുഫണ്ട്) ചെക്ക് നം. 8032553/19.10.16 |

മേൽപടി ചെലവിന്റെ വിശദമായ രേഖകളും അവയുടെ സ്റ്റോക്ക് രജിസ്റ്ററും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം. 6-ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവായ 1,30,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-3 കൈപ്പറ്റരശീത് ഹാജരാക്കിയില്ല

താഴെ വിശദമാക്കിയിരിക്കുന്ന ചെലവുകളുടെ കൈപ്പറ്റ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമനം | വൗച്ചർ നം./തീയതി/ പ്രോജക്ട് നം | ഇനവിവരം | തുക | ഡി.ഡി./ചെക്ക്.നം. /തിയതി |
|---|---|---|---|---|
| 1 | 5/12.04.16 | പഞ്ചായത്ത് ഗൈഡ് വാങ്ങുന്നതിന് ഗ്രാമലക്ഷ്മി മുദ്രാലയം ജനറൽ മാനേജർക്ക് നൽകിയത് | 3,661/- (ജനറൽ പർപ്പസ് ഗ്രാന്റ്) | ഡി. ഡി.നം. 631129/12.04.16 (ചെക്ക് നം.4078071/ 12.4.16) |
| 2 | S0060/17 (നിർവ്വഹണം - സെക്രട്ടറി) | മാറാടി ഗ്രാമപഞ്ചായത്തിൽ "കമ്പോസ്റ്റ്/ ബയോഗ്യാസ് പ്ളാന്റ്" നിർമ്മാണത്തിന് നൽകിയ ബ്ളോക്ക് വിഹിതം | 2,00,000/- (ജനറൽ ഫണ്ട്) | ഡി.ഡി. നം.635716/ 29.12.2016 |
| 3 | S0117/17 (നിർവ്വഹണം - സെക്രട്ടറി) | ഗാർഹിക ബയോഗ്യാസ് പ്ളാന്റ് വിതരണം | 2,00,000/- (ജനറൽ ഫണ്ട്) | ഡി.ഡി. നം.634900/ 02.12.2016 |

കൈപ്പറ്റരശീത് ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1-ാം നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-4 സി എച്ച് സിക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം | S0057/17 |
| പ്രൊജക്ടിന്റെ പേര് | കല്ലർക്കാട് സി എച്ച് സിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, സി എച്ച് സി പണ്ടപ്പിള്ളി |
| അടങ്കൽ | 2,00,000/-(മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| ചെലവ് | 2,00,000/- |
| ബിൽ നം | 01/16-17, തീ. 22/12/16 |

മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം കല്ലർക്കാട് സി എച്ച് സിക്ക് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും 2,00,000/- രൂപയുടെ മരുന്ന് 2016-17 സാമ്പത്തിക വർഷത്തിൽ വാങ്ങി നൽകിയിട്ടുണ്ട്(ഇൻവോയ്സ് നം. PRF 744/26.11.16). മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്) നടപ്പിലാക്കിയ ടി പ്രൊജക്ടിൽ ലഭിച്ച മരുന്നുകൾ പരിശോധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ലഭിച്ച മരുന്നുകൾ ആവശ്യപ്പെട്ട അളവിലും, നിലവാരത്തിലും ആണോയെന്ന് പരിശോധിക്കാതെയും സ്റ്റോക്കിൽ ചേർക്കാതെയും വിതരണം ചെയ്തതിനാൽ ടി പ്രൊജക്ടിനായി ചെലവാക്കിയ 2,00,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-5 തുക മുഴുവൻ ചെലവഴിച്ചില്ല.

2016-17 സാമ്പത്തിക വർഷം ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് പ്രൊജക്ടിന് (SO 66/17) ആരക്കുഴ പഞ്ചായത്തിന് നൽകിയ ബ്ളോക്ക് വിഹിതം (ജനറൽ ഫണ്ട്) ആയ 1,16,295/- രൂപയിൽ 28,600/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ലഭിച്ച മറുപടിയിൽ പറഞ്ഞിട്ടുള്ളത് തൻവർഷം പഞ്ചായത്തിന്റെ പദ്ധതി വിഹിതം പര്യാപ്തമായതിനാലാണ് ബ്ളോക്ക് വിഹിതം പൂർണ്ണമായും ചെലവഴിക്കാനാകാത്തത് എന്നാണ്. ബാക്കിയുള്ള 87,695/- രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നും 2017-18 വർഷത്തെ പ്രോജക്ടിൽപ്പെടുത്തി ചെലവഴിക്കാനാകും എന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ ചെലവ് വിവരം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ ചെലവുകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.അവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ട് | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | S004/17 | വാളകം പഞ്ചായത്തിലെ 7,9 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 4,00,000/- (ജനറൽ ഫണ്ട്) | 4,00,000/- ചെക്ക് നം.635485/ 16.12.2016 |
| 2 | S0090/17 | കല്ലൂർക്കാട്, ആയവന, വാളകം, ആവോലി, പഞ്ചായത്ത് ഡിവിഷനിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | " | (ജനറൽ ഫണ്ട്) 718137/- (തനതുഫണ്ട്- 11829/-) | (തനതുഫണ്ട്- 11829/-) ആവോലി 105137/-; മഞ്ഞള്ളൂർ- 2,90,000/-; വാളകം-3,23,000/- |
| 3 | S0061/17 | മഞ്ഞള്ളൂർ ഗ്രാമപഞ്ചായ ത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | " | 5,00,000/- (ജനറൽ ഫണ്ട്) | ഡി.ഡി. നം. 635252/ 25.11.2016 |
| 4 | S076/17 | മൂവാറ്റുപുഴ ബ്ളോക്ക് പഞ്ചായത്തിലെ വിവിധ ഡിവിഷനുകളിൽ പൈപ്പ് ലൈൻ നീട്ടൽ | „ | 6,00,000/- (ജനറൽ ഫണ്ട്) | ഡി.ഡി. നം. 635486 / 16.12.2016 |
| 5 | S0054/17 | മഞ്ഞള്ളൂർ പഞ്ചായത്തിലെ വടകോട്ട പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ | „ | 7,00,000/- (ജനറൽ ഫണ്ട്) | ബിൽ നം.24 /16-17 തീ. 18.02.17 |
| 6 | S0091/17 | „ | „ | 66,000/- (ജനറൽ ഫണ്ട്) | ബിൽ നം. 25/16-17 തീ. 18.02.17 |
| 7 | S0077/17 | „ | „ | 5,24,655/- (ജനറൽ ഫണ്ട്) | ബിൽ നം. 23/16-17 തീ.31..01.17 |
| ആകെ | | | | 35,20,621/- | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ 4-ാം നം. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ബന്ധപ്പെട്ടവരിൽ നിന്ന് മേൽ ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക 35,20,621/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം ഈയിനത്തിൽ ഫണ്ടുകൾ ലഭിച്ചതിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 87,61,361 | ഐഎവൈ ഭവന നിർമ്മാണം | 7,79,400 | 96,7361 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 62,57,848 | ഐഎവൈ ഭവന നിർമ്മാണം | 61,61,469 | 62,55,863 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 1,48,67,964 | ഐഎവൈ ഭവന നിർമ്മാണം | 34,61,000 | 1,14,04,964 |
| ആകെ | | 2,98,87,173 | | 1,74,18,469 | 1,86,28,188 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാളകം ഗ്രാമപഞ്ചായത്ത് 7, 9 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,00,000 | 4,00,000 | - |
| കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (അട്ടുപ്പറമ്പ്, മഞ്ഞള്ളൂർ, ആവോലി, വാളകം, ആരക്കുഴ | 6,00,000 | 6,00,000 | - |

| | | | | |
|---|---|---|---|---|
| | ഡിവിഷനകൾ) | | | |
| കെ എസ് ഇ ബി | മഞ്ഞള്ളർ പഞ്ചായത്തിലെ വടകോട് പ്രദേശത്ത് വൈദ്യുതിലൈൻ നീട്ടൽ | 7,00,000 | 7,00,000 | - |
| കെ എസ് ഇ ബി | വാളകം ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതിലൈൻ നീട്ടൽ | 5,25,000 | 5,24,655 | 345 |
| കെ എസ് ഇ ബി | മഞ്ഞള്ളർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതിലൈൻ നീട്ടൽ | 5,00,000 | 5,00,000 | - |
| കെ എസ് ഇ ബി | ആയവന, മഞ്ഞള്ളർ പഞ്ചായത്തിലെ വിവിധ ഡിവിഷൻ വാർഡുകളിൽ വൈദ്യുതിലൈൻ നീട്ടൽ | 1,56,000 | 1,54,498 | 1502 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | 012/48313 LN794/1028 Dt.26.4.2013 (₹.44,25,000/-) | ₹.41,60,000/- (2013-14)<br>₹.1,15,000/- | 38,59,000/- | ഇല്ല | ഇല്ല | 38,59,000/- |

| | | |
|---|---|---|
| | (2014-15) | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,51,93,070 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,42,02,555 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം | 47,291 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,50,621 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | - | 47,291 | ശ്രീ എം .വി. വിഷ്ണനമ്പൂരി സെക്രട്ടറി |
| ആകെ | | 47,291 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,30,000 | ശ്രീ എം .വി. വിഷ്ണനമ്പൂരി സെക്രട്ടറി |
| 3-4 | 2,00,000 | ഡോ. റ്റി കെ മോഹൻദാസ്,<br>മെഡിക്കൽ ഓഫീസർ,സി എച്ച് സി, പണ്ടപ്പിള്ളി |
| 3-6 | 35,20,621 | ശ്രീ എം .വി. വിഷ്ണനമ്പൂരി സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 38,50,621 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം. വി. വിഷ്ണുനമ്പൂരി, സെക്രട്ടറി | വിരമിച്ചു | നർതേലി മരങ്ങാട്ട് ഇല്ലം പാനിപ്ര പി.ഒ, എറണാകുളം ഫോൺ : 9446050281 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ഇ. (സി1)460/03 / 16.09.2003 |
| 1998-1999 | എൽ.എഫ്.ഇ. (സി1)459/03 / 16.09.2003 |
| 1999-2000 | എൽ.എഫ്.ഇ. (സി1)1064/04 / 17.12.2004 |
| 2000-2001 | എൽ.എഫ്.ഇ. (സി1)730/05 / 02.12.2005 |
| 2001-2002 | എൽ.എഫ്.ഇ. (സി1)286/06 / 16.08.2006 |
| 2002-2003 | എൽ.എഫ്.ഇ. (സി1)285/06 / 16.08.2006 |
| 2003-2004 | എൽ.എഫ്.ഇ. (സി1)585/07 / 28.02.2008 |
| 2004-2005 | എൽ.എഫ്.ഇ. (സി1)586/07 / 28.02.2008 |
| 2007-2008 | എൽ.എഫ്.ഇ. (സി1)724/10 / 09.12.2011 |
| 2008-2009 | എൽ.എഫ്.ഇ. (സി1)725/10 / 09.12.2011 |
| 2009-2010 | എൽ.എഫ്.ഇ. (സി1)1726/10 / 09.12.2011 |
| 2010-2011 | എൽ.എഫ്.ഇ. (ബി.പി.1)476/12 / 04.04.2012 |
| 2011-2012 | എൽ.എഫ്.ഇ. (ബി.പി.1)285/13 / 11.03.2013 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

നം. കെ.എസ്.എ -ഇ.കെ.എം (ബി.പി) 2193 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
തീയതി: 05.12.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

APPENDIX 1

No. KSA-ALP/ (B.P) 2193 /2017

Kerala State Audit Department,
District Audit Office, Alappuzha.
Date: 05.12.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muvattupuzhza Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Annual Financial Statements of Muvattupuzha Block Panchayat for the year 2016-17 except the observations in part 2 & 3 . of my audit report properly presents the picture of income and expenditure.

Joint Director
Kerala State Audit Department,